**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5914** **25-03-2025 - ൽ മറുപടിയ്ക്ക്**

**സ്വകാര്യ ഭൂമിയിലൂടെ വൈദ്യുതിലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സ്വകാര്യ ഭൂമിയിലൂടെ വൈദ്യുതിലൈൻ വലിക്കുന്നതിനായി എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് അറിയിക്കാമോ; | (എ) | ഇലക്ട്രിസിറ്റി ആക്ട് 2003 സെക്ഷൻ 164, ഇന്ത്യൻ ടെലഗ്രാഫ് ആക്ട് 1885 (13 of 1885) പ്രകാരം സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ കൂടി പ്രസരണ ലൈൻ വലിക്കുന്നതിനായി ട്രാൻസ്മിഷൻ യൂട്ടിലിറ്റിക്ക് അധികാരം ഉണ്ട്. പ്രസരണ ലൈൻ കടന്നുപോകുന്ന വില്ലേജ്, പ്രസരണ ലൈനിന്റെ വോൾട്ടേജ് തുടങ്ങിയ വിശദാംശങ്ങൾ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. സ്വകാര്യ ഭൂമിയിലൂടെ വൈദ്യുതി ലൈൻ കടന്നു പോകുമ്പോൾ സ്വകാര്യഭൂമിയിൽ ടവർ സ്ഥാപിക്കുന്നുണ്ട് എങ്കിൽ അക്കാര്യം കാണിച്ച് ഭൂവുടമക്ക് നോട്ടീസ് നൽകേണ്ടതാണ്. ലൈൻകടന്നുപോകുന്ന വൈദ്യുത ഇടനാഴി സർവ്വേ ചെയ്ത് സർവ്വേ കല്ലുകൾ സ്ഥാപിക്കേണ്ടതാണ്. സ്വകാര്യ ഭൂമിയിലെ ഫലവൃക്ഷങ്ങൾ ഹ്രസ്വകാല വിളകൾ, മരങ്ങൾ എന്നിവയുടെ പട്ടിക തയ്യാറാക്കി മരങ്ങൾ മാർക്ക് ചെയ്ത് മഹസർ തയ്യാറാക്കേണ്ടതാണ്. ടവർ സ്ഥാപിക്കുന്ന സ്ഥലത്തി ന്റെയും, ലൈൻ കടന്നു പോകുന്ന വൈദ്യുത ഇടനാഴിയുടേയും നഷ്ടപരിഹാരം രേഖകൾ സമർപ്പിക്കുന്ന പക്ഷം മിനിസ്ട്രി ഓഫ് പവറിന്റെ ബന്ധപ്പെട്ട മാനദണ്ഡ പ്രകാരം/കേരള സർക്കാരിന്റെ ഉത്തരവ് പ്രകാരം നൽകേണ്ടതാണ്. വിളകൾക്കു ണ്ടാകുന്ന നഷ്ടപരിഹാരം കേരള സ്റ്റേറ്റ് ഡിപ്പാർട്മെന്റ് ഓഫ് സ്റ്റാറ്റിസ്റ്റിക്സിന്റെ മാനദണ്ഡ പ്രകാരം നൽകേണ്ടതാണ്. |
| (ബി) | ഇത്തരത്തിൽ ലൈൻ വലിച്ചതിനുശേഷം വൈദ്യുതി ലൈനിന്റെ സുരക്ഷ സംബന്ധിച്ചും വൈദ്യുതി ലൈൻ കടന്നുപോകുന്ന ഭൂവുടമ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും പരാതി ലഭിക്കുന്നപക്ഷം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ; വിശദമാക്കുമോ? | (ബി) | ലൈൻ സ്ഥാപിച്ചതിനുശേഷം കൃത്യമായ ഇടവേളകളിൽ ലൈൻ പരിശോധിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതാണ്. സ്ഥലം ഉടമകളിൽ നിന്ന് പരാതികൾ ഉണ്ടായാൽ അതാത് പ്രസരണ വിഭാഗത്തിലെ ബന്ധപ്പെട്ട അധികാരികൾ സ്ഥലം സന്ദർശിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ